# സെമിനാരി എൽ.പി. സ്കൂൾ
# പരുമല




# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025– 2026

## ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ

2. ആമുഖം

3. സ്കൂൾ ചരിത്രം

4. ലക്ഷ്യങ്ങൾ

5. സ്കൂൾ- മികവിന്റെ കാഴ്ചപ്പാട്

6. നിലവിലെ ഭൗതിക സാഹചര്യങ്ങൾ

7. അധ്യാപകർ

8. ക്ലാസുകൾ

9. ഭൗതികം

10. സാമൂഹികം

11. പ്രശ്നങ്ങൾ

12. വെല്ലുവിളികൾ

13. ഉപസംഹാരം

14. അക്കാദമിക മാസ്റ്റർ പ്ലാൻ വിഷയടിസ്ഥാനത്തിൽ

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1.വിദ്യാലയത്തിന്റെ പേര് | - | സെമിനാരി എൽ.പി. സ്കൂൾ, പരുമല<br>വിലാസം- പരുമല പി.ഒ തിരുവല്ല,<br>പത്തനംതിട്ട- 689 626 |
| 2. സ്കൂൾ കോഡ് | - | 37258 |
| 3. വിദ്യാഭ്യാസ ഉപജില്ല | - | തിരുവല്ല |
| 4. റവന്യു ജില്ല | - | പത്തനതിട്ട |
| 5. ബി.ആർ.സി | - | തിരുവല്ല |
| 6. ഗ്രാമപഞ്ചായത്ത് | - | കടപ്ര |
| 7. വാർഡ് | - | IX |
| 8. ബ്ലോക്ക് പഞ്ചായത്ത് | - | പുളിക്കീഴ് |
| 9. ജില്ലാ പഞ്ചായത്ത് | - | പത്തനംതിട്ട |
| 10. നിയമസഭാ മണ്ഡലം | - | തിരുവല്ല |
| 11. ലോകസഭാമണ്ഡലം | - | പത്തനംതിട്ട |
| 12. താലൂക്ക് | - | തിരുവല്ല |
| 13. വില്ലേജ് | - | കടപ്ര |
| 14. Email: | - | parumalaseminarylps@gmail.com |

# ആമുഖം

പ്രിയ രക്ഷിതാക്കളേ...............................

ഒരു കുട്ടിയുടെ സർവ്വതോന്മുഖമായ വളർച്ചയാണല്ലോ വിദ്യാഭ്യാസം- എന്നത് കൊ ് ഉദ്ദേശിക്കുന്നത്. അതിനുതകുന്ന സ്ക്കൂൾ തല പ്രവർത്തനങ്ങളാണ് നാം ചിട്ടപ്പെടുത്തേ തും. അതിൽ എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾ ഉൾപ്പെടണം രക്ഷിതാക്കൾ ഉൾപ്പെടണം ഈ സമൂഹം ഉൾപ്പെടണം. എങ്കിൽ മാത്രമേ അതിന്റെ അനുരണനം ഈ സമൂഹത്തിലേക്ക് കടന്നുചെല്ലുകയുള്ളു. ആയത് മുന്നിൽക ുകൊ ്. സെമിനാരി എൽ.പി. സ്കൂൾ 2025-2026 അദ്ധ്യേയന വർഷത്തേക്ക് സെമിനാരി വിഷൻ 2025-2026 അവതരിപ്പിക്കുന്നു.

സേന്ഹത്തോടെ

**തോമസ്.റ്റി.കുര്യൻ**

പ്രഥമാദ്ധ്യാപകൻ

# സ്കൂൾ ചരിത്രം

പരിശിദ്ധനായ പരുമല തിരുമേനി 1893 ൽ സ്ഥാപിച്ച പരുമല സെമിനാരി എൽ.പി.സ്കൂൾ ആ പുണ്യവാന്റെ ആദ്യകാല വസതിയായ അഴിപ്പുരയോട് ചേർന്ന് സ്ഥിതിചെയ്യുന്നു. പ ് ഇവിടെ ശെമ്മാശന്മാരെ പഠിപ്പിച്ചിരിന്നു. പിന്നീട് കൊല്ലവർഷം 1061 ൽ ഹൈക്കോടതി വിധിയനുസരിച്ച് പാലക്കുന്നത്തു തിരുമേനിയുടെ അധീനതയിൽ നിന്നും കോട്ടയം പഴയ സെമിനാരി പുലിക്കോട്ടു തിരുമേനിക്ക് വിട്ടുകിട്ടിയതു മുതൽ പരുമല സെമിനാരിയിലെ ശെമ്മാശന്മാരുടെ പഠനം അങ്ങോട്ടുമാറ്റുകയും പരുമല സെമിനാരി കൊട്ടിൽ ഒഴിഞ്ഞു കിടക്കുകയും ചെയ്തു. ആ സമയത്ത് കൊച്ചു തിരുമേനി തന്നെ ഇതൊരു വിദ്യാലയമായി മാറ്റിയെടുക്കുന്നതിന് തീരുമാനിച്ചു. അക്കാലത്ത് പരുമലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയു ടായിരുന്നില്ല. തിരുമേനി ഈ മാട്ടിലുള്ള കൊച്ചു കുട്ടികളെ വിളിച്ചു വരുത്തി പ്രൈമറി വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. ആദ്യത്തെ ഒരു വർഷം തിരുമേനി സമയം ക ത്തി ഒന്നാം ക്ലാസിലെ കുട്ടികളെ പഠിപ്പിച്ചു.തുടർന്ന് ഹൈന്ദവ സഹോദരങ്ങളായ അധ്യാപകരെ കൂടി ക്ലാസുകൾ എടുപ്പിച്ച് സ്കൂൾ നടത്തുകയും പിന്നീട് പത്ത് വർഷങ്ങൽക്ക് ശേഷമാണ് സ്കൂളിന് എയ്ഡഡ് പദവി ലഭിച്ചത്. തിരുമേനി പഠിപ്പിച്ച ക്ലാസ്മുറി ഇന്ന് ക്ലാസായി പ്രവർത്തിക്കുന്നു.

## ലക്ഷ്യങ്ങൾ

- സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും നൽകും.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരന്മാരെ വളർത്തും. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.
- പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ ക്ലാസുകളിലും ഐസിടി സാധ്യത ഉറപ്പുവരുത്തുക.
- വിവിധ തരത്തിലുള്ള ക്ലബുകൾക്ക് പ്രാധാന്യം നൽകുന്നു.
- വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- വായനയെ പരിപോഷിക്കാനായി ലൈബ്രറി പ്രവർത്തനങ്ങൾ നടപ്പിലാക്കും
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- സ്ക്കോളർഷിപ്പ് പരീക്ഷയ്ക്കായി എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. അതിനായി മികച്ച പരിശീലനം നൽകുന്നു.
- ടാലന്റ് ലാബ് ഏറ്റവും മികച്ചതാക്കുക
- അറബിഭാഷ പരിശീലനം ഏറ്റവും മികച്ചതാക്കുക.
- കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക

## സ്കൂൾ മികവിന്റെ കാഴ്ചപ്പാട്

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവ സരം ലഭ്യമാകും അവസര തുല്യത, സാമൂഹ്യനീതി, എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കും. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച് പഠനത്തിനായി ഒരി ക്ലാസ് മുറി ഹൈടേക് ആക്കും. പ്ലാസ്റ്റിക് മുക്തവും കീടനാശിനി വിമുക്തവും ലഹരിവിമുക്തവുമായ കാമ്പസ് ഉറപ്പാക്കും കുട്ടികൾക്ക് മൂന്ന് ഭാഷ മലയാളം, ഇംഗ്ലീഷ്, ഹിന്ദി അനായസമായി കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം നൽകുക.

## നിലവിലെ ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്മുറി | 9 | 1 |
| 2 | ആൺ കുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 3 | 3 |
| 3 | പെൺ കുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 4 | 1 |
| 4 | കിണർ | 1 | |
| 5 | ലൈബ്രറി | Nil | Nil |
| 6 | ചുറ്റുമതിൽ | ഉ ് | |
| 7 | കളിസ്ഥലം | ഇല്ല | |
| 8 | ക്ലാസ് മുറിയിൽ | ഇല്ല | |
| 9 | കമ്പ്യൂട്ടർ ലാബ് | Nil | |
| 10 | ലാപ്ടോപ്പ് | 5 | 5 |
| 11 | പ്രൊജക്ടർ | 2 | 2 |
| 12 | സൗ ് സിസ്റ്റം | 1 | |
| 13 | ഇന്റർനെറ്റ് | ഉ ് | |
| 14 | സ്മാർട്ട് ക്ലാസ് റൂം | ഇല്ല | 10 |

## അധ്യാപകർ

| അധ്യാപകന്റെ പേര് | ചുമതല |
|---|---|
| തോമസ് റ്റി.കുര്യൻ | H.M |
| ലിസി തോമസ് | സ്റ്റഫ് സെക്രട്ടറി |
| ഷീജ,പി.കുര്യൻ | പി.ടി.എ സെക്രട്ടറി |
| അശ്വതി ജേക്കബ | ഐ.ടി |
| ജിനുരാജു | എസ്.ആർ.ജി |
| സ്റ്റെഫി റോസ് പുന്നൂസ് | ക്ലബുകൾ |
| ഹയറുന്നിസ ഐ | ഉച്ചഭക്ഷണം |
| റിഷാന റഷീദ് | പ്രീ പ്രൈമറി ടീച്ചർ |
| ആമീന ബി.വി.എ | പ്രീ പ്രൈമറി ടീച്ചർ |

## ക്ലാസുകൾ

സ്കൂളിൽ 1 മുതൽ 5 വരെയുള്ള ക്ലാസുകളിലായി 252 കുട്ടികളും പ്രീപ്രൈമറി ക്ലസുകളിൽ 70 ഉൾപ്പെടെ ആകെ 322 കുട്ടികൾ പഠിക്കുന്നു.

| **ക്ലാസുകൾ** | **ഡിവിഷൻ എണ്ണം** | **കുട്ടികളുടെ എണ്ണം** |
|---|---|---|
| എൽ.കെ.ജി/പി.റ്റി.എ | 1 | 27 |
| യു.കെ.ജി/പി.റ്റി.എ | 1 | 37 |
| സ്റ്റാൻഡേർഡ്<br>1 | 2 | 34 |
| 2 | 2 | 40 |
| 3 | 2 | 42 |
| 4 | 2 | 54 |
| 5 | 1 | 47 |
| **ആകെ** | | **281** |

## ഭൗതികം

- ✓ ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല
- ✓ സ്മാർട്ട് ക്ലാസ് റൂമിന്റെ അഭാവം
- ✓ ടോയ്‌ലെറ്റുകൾ കുറവ്
- ✓ കംപ്യൂട്ടർ ലാബ് ഇല്ല
- ✓ കളിസ്ഥലം ഇല്ല.
- ✓ പ്രീ പ്രൈമറി ക്ലാസുകൾക്ക് മികച്ച ക്ലാസ് റൂം ഇല്ല.
- ✓ ഓഫീസ് സൗകര്യം കുറവ്
- ✓ കെട്ടിടത്തിന് സ്ഥല സൗകര്യം കുറവ്

## സാമൂഹികം

- ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല.
- കലാ- കായിക പ്രവൃത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- കലാ- സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.
- പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കെ ുള്ള പാഠ്യപദ്ധതിയുടെ അഭാവം.
- ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേ ത്ര ഫലപ്രദമാകുന്നില്ല
- ശരിയായ കായികക്ഷമത ഉറപ്പു വരുത്താൻ കഴിയിന്നില്ല.
- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- പ്രാദേശിക വിഭവങ്ങളെ പരാമാവധി പ്രയേജനപ്പെടുത്താൻ കഴിയുന്നില്ല.
- പഠന പ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
- റിസോഴ്സ് അധ്യാപകരുടെ കുറവ്.

## <u>ഉപസംഹാരം</u>

അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിന് സഹകരിച്ച പി.റ്റി.എ അംഗങ്ങൾ പൂർവ്വ വിദ്യാർത്ഥികൾ, എസ്.എസ്.ജി പ്രവർത്തകർ, പഞ്ചായത്ത്, പൊതുവിദ്യാഭ്യാസ പ്രവർത്തകർ, അധ്യാപകർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

# അക്കാദമിക മാസ്റ്റർ
# പ്ലാൻ
# വിഷയടിസ്ഥാനത്തിൽ

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | കുട്ടികൾക്കായി തയാറാക്കിയ പുസ്തകത്തൊട്ടിൽ പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നു. | ജൂൺ<br>മാർച്ച് | ഭാഷാധ്യാപകൻ |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക. | ചിത്രങ്ങൾ നോക്കി കഥപറയാം ഭാഷാലാബ് തയാറാക്കുന്നു. വാക്യങ്ങൾ നിർമ്മിക്കാം. ലരേ. | ജൂൺ<br>സെപ്തംബർ | |
| ഭാഷാപരമായി മുന്നിട്ടുനിൽക്കുന്ന കുട്ടികൾക്കുള്ള കൈതാങ്ങ | കൂടുതൽ വായനയ്ക്കായി പുസ്തകങ്ങൾ നൽകുന്നു. കുട്ടികൾ തയാറാക്കിയ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ<br>മാർച്ച് | |
| കൈമാറ്റം വിലയിരുത്താം | രചനാ മത്സരങ്ങൾ<br>പ്രൊജക്ട്<br>പോർട്ട് ഫോളിയോ<br>കുട്ടികൾ പരസ്പരം വിലയിരുത്തുന്നു.<br>അധ്യാപകർ വിലയിരുത്തുന്നു. | ജൂൺ<br>മാർച്ച് | |
| എല്ലാ കുട്ടികളെയും അർത്ഥ പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയാറാക്കൽ വായനാകാർഡ് നൽകൽ | ജൂൺ<br>മാർച്ച് | ഭാഷാധ്യാപകൻ |
| ആശയവിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ<br>മാർച്ച് | |

## മേഖല – English

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസ് |
|---|---|---|---|---|
| Ineffective teaching | Classes in the target language for teachers. Workshop for teachers try language experts workshop for teachers on teaching learning materials. | 2024 | 10000 | PTA, MPTA<br>Teachers |
| Defective pronounciation | Audio video clippings on cored prononuciations classes on phonetics by experts. Language lab.<br>ICT facilities<br>Video clippings<br>Readers theatre | 2024-25 | 50000 | PTA, MPTA<br>Teachers<br>Management |
| Children | Introducing English library<br>English book exhibition<br>Classes on creative writing Magazines created by children<br>Digital library. | | | Teachers |
| Insufficient vocabulary | Word games<br>Word study using computers, spelling contests making a cross word, puzzles, dictionary, making, using the words of the text book. | 2024 | | |

| | | | | |
|---|---|---|---|---|
| Lack of communication skill | Language lab English assembly formation of English club Developing translation skills conducting English test, debates seminars. | 2024- 25 | 5000 | PTA, MPTA Teachers |
| Addressing slow learners | TM and TLM addressing the slow learners.<br>- Special coaching classes for slow learners.<br>- Conducting action research on slow learners. | 2024- 25 | 2000 | English teachers PTA |
| Support to gifted | Special coaching classes using language experts | 2024 – 25 | | Teachers |

# ഗണിതം

**അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.**
**ഓരോ പ്രദേശത്തിന്റെയും തനതു ഗണിത പ്രശ്നങ്ങൾ പരിഹരിക്കുക.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വിവിധതരം പ്രവർത്തനങ്ങൾ നൽകുന്നു. | ഓരോ ടേമിലും | ഗണിതാധ്യാപകർ |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ തയാറാക്കുക. | 2024 | ഗണിതാധ്യാപകർ |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുമെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ – മാർച്ച് | ഗണിതാധ്യാപകർ |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ | ജൂൺ – ആഗസ്റ്റ് | ഗണിതാധ്യാപകർ |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| S.S. ഉലമെ | ക്വിസ്, പതാക നിർമ്മാണം, റാലി, പുരാവസ്തു പ്രദർശനം പഠനയാത്ര. | ജൂൺ- മാർച്ച് | |
| ചരിത്ര ബോധം വളർത്തി എടുക്കൽ | ചരിത്ര പ്രാധാന്യമുള്ള ദിവസങ്ങളിൽ അതിനെപ്പറ്റിയുള്ള ഒരു കുറിപ്പ് തയാറാക്കി വായിക്കുക. | ആഴ്ചയിൽ | |
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലതയിലേക്ക് | അധിക വായനയ്ക്ക് പുസ്തകങ്ങൾ നൽകുന്നു. അറ്റ്ലസുകൾ, ഇയർബുക്കുകൾ എന്നിവ ക്രമീകരിക്കുന്നു. | ജൂൺ- മാർച്ച് | |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ ഷോപ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |
| ശാസ്ത്ര പഠന താല്പര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തലിന്റെ പ്രധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചയ്ക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും (3,4, ക്ലാസ് ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

# അറബിക് മാസ്റ്റർ പ്ലാൻ
# സെമിനാരി, എൽ. പി. സ്കൂൾ
# പരുമല

**ലക്ഷ്യം:**

- അറബിക് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
- ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും, സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിൽ ഒരുക്കുക.
- ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും, വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.
- സർഗ്ഗാത്മകമായ കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കുക.
- ആശയ വിനിമയ ശേഷി വർധിപ്പിക്കൽ.
- എല്ലാ കുട്ടികളേയും മികച്ച വായനക്കാരാക്കുക.

# പ്രവർത്തനങ്ങൾ

## WALK WITH ARABIC LANGUAGE

**ഒന്നാം ഘട്ടം– ജൂൺ (1– 30)**

- മുന്നറിവ് പരിശോധിക്കൽ (ടെസ്റ്റ് നടത്തി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തൽ.
- അക്ഷരങ്ങൾ ഉറപ്പിക്കൽ (അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവപ്പെടുന്ന കുട്ടികൾക്ക് ഐ സി റ്റി ഉപയോഗിച്ച് അക്ഷരഗാനത്തിലൂടെ ഹൃദിസ്ഥമാക്കാൻ സഹായിക്കുന്നു.
- അക്ഷര ഗെയിമുകൾ നൽകുന്നു.

**രണ്ടാം ഘട്ടം– സഹ്ലുൽ അറബ്ബിയ്യ (ജൂൺ– ഡിസംബർ)**

- പ്രത്യേകം തയ്യാറാക്കിയ മോഡ്യൂൾ അടിസ്ഥാനത്തിൽ സഹ്ലുൽ അറബിക് ക്ലാസ് നൽകുന്നു.

**മൂന്നാം ഘട്ടം– അസ്വാദന ലോകം (ജൂൺ 1– 30)**

- പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും, ശ്രവിക്കാനും അവസരം സൃഷ്ടിക്കൽ.
- ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത തവണ ആസ്വാദകരാകണം.

**നാലാം ഘട്ടം എന്റെ സ്വന്തം നിഘണ്ടു.**

- വാക്കുകൾ നിർമ്മിക്കൽ (ജൂൺ, ജൂലൈ)
- പദസമ്പത്ത് നേടൽ (ജൂൺ, ഡിസംബർ)

ദിവസവും ഒരു പദം ഒരു കുട്ടി കണ്ടെത്തി ചുമർ പോസ്റ്ററിൽ രേഖപ്പെടുത്തുന്നു. എല്ലാ കുട്ടികളും അത് എഴുതി എടുത്ത് പഠിച്ച് ആഴ്ചയിൽ ഒരിക്കൽ വിലയിരുത്തൽ നടത്തുന്നു.

- **അറബിക് നിഘണ്ടു പരിചയപ്പെടുത്തൽ**

ഒരു കുട്ടിക്ക് ഒരു നിഘണ്ടു എന്ന രീതിയിലുള്ള നിഘണ്ടു നിർമാണത്തിന് പ്രാപ്തരാക്കുന്നു. (ജൂൺ - ജനുവരി)

**വായനാവസന്തം**

**അഞ്ചാംഘട്ടം**

- വായനാ മത്സരം (ജൂൺ 1 - 30)
- ക്ലാസ് ലൈബ്രറി നിർമിക്കൽ (ജൂൺ - ആഗസ്റ്റ്)
- സ്കൂൾ ലൈബ്രറി
- അറബിക് പത്രവായന (എല്ലാ മാസവും ആഴ്ചയിൽ ഒരിക്കൽ)

**എഴുത്തുത്സവം**

**ആറാം ഘട്ടം:-**

**നല്ലെഴുത്ത്:-**

- അക്ഷരങ്ങൾ എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ പ്രത്യേകം ക്ലാസ് ജൂൺ ആദ്യത്തെ ആഴ്ചയിൽ തന്നെ നടത്തുന്നു.
- ചുവർ പത്രങ്ങൾ, പോസ്റ്ററുകൾ എന്നിവ മിർമിക്കുന്നു.

**അറബിക് കാലിഗ്രഫി**

**ഏഴാംഘട്ടം**

അറബിക് കാലിഗ്രഫിക്ക് എഴുത്തികളിൽ കുട്ടികൾക്ക് പ്രാവീണ്യം നേടിക്കൊടുക്കാനായി ജൂൺ മുതൽ ഡിസംബർ മാസം വരെ നീളുന്ന ശിൽപശാല പ്രഗൽഭരായ വ്യക്തികളെക്കൊണ്ട് ക്ലാസ് നൽകുന്നു.

**എട്ടാംഘട്ടം – (ജൂൺ – ഡിസംബർ)**

അറബിക് മേളയ്ക്ക് പ്രഗൽഭരായ കുട്ടികളെ കണ്ടെത്തി ജൂൺ മാസം മുതൽ തന്നെ പ്രത്യേകം ട്രെയിനിങ്ങ് നടത്തി വരുന്നു.

**അറബിക് അസംബ്ലി**

ഒൻമ്പതാം ഘട്ടം - (ജൂൺ - ജനുവരി)

ജൂൺ മാസം മുതൽ തന്നെ പ്രാക്ടീസ് നൽകി വരുന്നു.

**ദിനാചരണങ്ങൾ**

സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർച്ചിൽ പോസ്റ്റർ തയ്യാറാക്കുന്നു.

**അറബി ഭാഷാദിനം**

ഡിസംബർ 18 ന് അന്താരാഷ്ട്ര അറബി ഭാഷാദിനത്തിൽ കുട്ടികളുടെ സർഗാത്മകത ശേഷി വളരുന്ന രീതിയിലും അറബി ഭാഷയുടെ പ്രാധാന്യം കുട്ടികളിലേക്ക് എത്തുന്നതിനും സഹായകമായ പരിപാടികൾ സംഘടിപ്പിച്ചു.

# പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ 2024

1. ഭാഷാപോഷണ പരിപാടി.
2. ബാലമാസിക പ്രസിദ്ധികരണം.
3. ഭാഷോത്സവം (കഥോത്സവം, നാടകോത്സവം, കവിതോത്സവം) ലേഖനോത്സവം.
4. ഭാഷ തലത്തിലുള്ള അസംബ്ലി.
5. ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ ക്ലാസ്.
6. അന്യസംസ്ഥാന തൊഴിലാളികളുടെ മക്കൾക്കായി നാം ഒന്നിച്ച് മുന്നോട്ട് എന്ന പദ്ധതി.
7. വിവിധ ഭാഷകളിലായി പരിപോഷണ പരിപാടി.
8. വായന പരിപോഷണ പരിപാടികൾ.
9. നൃത്ത പരിശീലന ക്ലാസ്